# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 879 — 12.12.2012ൽ മറുപടിയ്ക്ക്

## ആലപ്പുഴ ടൗൺ കനാലുകളുടെ നവീകരണം

ചോദ്യം : ശ്രീ. ജി. സുധാകരൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ആലപ്പുഴ ടൗൺ കനാലുകളിൽ കടലിൽ നിന്നും ഉപ്പുവെള്ളം കയറ്റി ശുദ്ധീകരിക്കുന്നതിനായുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ മുംബൈയിലുള്ള ടാറ്റ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നോ ; എങ്കിൽ റിപ്പോർട്ട് സമർപ്പിച്ചുവോയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; | (എ) ചുമതലപ്പെടുത്തിയിരുന്നു. 2/2/12 ൽ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ബഹു.എം.എൽ.എ മാരിൽ നിന്നും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൺസൽറ്റൻസി ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴയിൽ എ.സി. കനാലിന്റെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിച്ച സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചുവോ ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴയിലെ എ.സി. കനാലിന്റെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിച്ച സമിതി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എ.സി. കനാലിന്റെ നവീകരണം 3 ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിന് വിദഗ്ധസമിതി തീരുമാനിച്ചു. ഒന്നാം ഘട്ടം മനയ്ക്കച്ചിറ മുതൽ ഒന്നാംകര വരെയും രണ്ടാം ഘട്ടം ഒന്നാംകര മുതൽ നെടുമുടി വരെയും നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ച് അതിന്റെ പ്രയോജനം വിലയിരുത്തിയ ശേഷം മാത്രം മൂന്നാം ഘട്ടം നടപ്പിലാക്കിയാൽ മതിയെന്നാണ് സമിതിയുടെ നിർദ്ദേശം.<br>ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ട പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (സി) ആലപ്പുഴയിലെ കനാലുകളുടെ നവീകരണത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

2/